"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2024-25 വർഷത്തേക്കുള്ള തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.502/2024/AGRI തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-
1. സ.ഉ (പി). നം.28/2016/ധന, തീയതി 26.02.2016
2. സ.ഉ. (പി) നം. 56/2017/ധന, തീയതി 28.04.2017
3. സ.ഉ. (പി) നം. 112/2018/ധന, തീയതി 21.07.2018
4. സ.ഉ. (പി) നം. 81/2019/ധന, തീയതി 09.07.2019
5. സ.ഉ. (പി) നം. 29/2021/ധന, തീയതി 11.02.2021
6. സ.ഉ (സാധാ) നം. 896/2023/കൃഷി, തീയതി 15.09.2023
7. കാർഷിക വികസന കർഷക ക്ഷേമ വകപ്പ് ഡയറക്ടറുടെ 10.02.2024 തീയതിയിലെ ADFW/1971/2024-TF2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ "ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും" പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ 31 ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് പരാമർശം (6) ഉത്തരവ് പ്രകാരം തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി" രൂപീകരണവും നിരീക്ഷണവും നടത്തിപ്പിനുമായി കൃഷി വകപ്പ് ഡയറക്ടറേറ്റിൽ 1 ടെക്നോളജി മാനേജർ, 2 ഫെസിലിറ്റേറ്റർമാർ, 14 ജില്ലകളിലുമായി 14 ടെക്നോളജി മാനേജർമാർ, 14 ഫെസിലിറ്റേറ്റർമാർ എന്നിങ്ങനെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആകെ 31 കരാർ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ടി ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 വാർഷിക പദ്ധതി പ്രകാരം "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതിയ്ക്കായി ബജറ്റ് വിഹിതമായി അനുവദിച്ച 600.00 ലക്ഷം രൂപയിൽ നിന്നും "പദ്ധതി നിർവ്വഹണത്തിനായുള്ള സഹായം" എന്ന ഘടകത്തിൽ 95.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ 31 ജീവനക്കാരുടെ (ഡയറക്ടറേറ്റിൽ 1 ടെക്നോളജി മാനേജർ,

2 ഫെസിലിറ്റേറ്റർ 14 ജില്ലകളിലുമായി 14 ടെക്നോളജി മാനേജർമാർ, 14 ഫെസിലിറ്റേറ്റമാർ) സേവന കാലാവധിക്ക് ശേഷം ഒരു ദിവസത്തെ ഇടവേള നൽകി 2024-25 സാമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പ്രകാരം മേൽ ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്ന സാഹചര്യത്തിൽ പരാമർശം (1), (2), (3), (4) & (5) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കേണ്ടതും "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ്" വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷത്തിലും മേൽ ജീവനക്കാരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ നേരത്തേ തന്നെ കൃഷി ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-എ) വകുപ്പ് (അനൗദ്യോഗിക കുറിപ്പ് 2350052 /Agri-A2/27/2023-FIN, തീയതി 17.04.2024 പ്രകാരം)
കരുതൽ ഫയൽ/ ഓഫിസ് കോപ്പി (അഗ്രി-പിബി/57/2023)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ